സർവ്വകലാശാലയിൽ ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ചെയർ

141 (3702) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എ. സുജനപാൽ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും സർവ്വകലാശാലയിൽ ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ചെയർ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സർവ്വകലാശാലകളിൽ എന്നു വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തുള്ള കലാശാലകളിൽ ശ്രീനാരായണ ചെയർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർവ്വകലാശാലയിൽ 'ശ്രീനാരായണ സെന്റർ ഫോർ സ്റ്റഡി ഓഫ് സോഷ്യൽ ചെയ്ഞ്ചസ് തിരുവനന്തപുരത്ത് കാര്യവട്ടം യൂണിവേഴ്സിറ്റി കൃാമ്പസിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എം.ജി. സർവ്വകലാശാലയിൽ ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ചെയർ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ഇഗ്നോയുടെ എം.സി.എ. കോഴ്സ് കേരള യൂണിവേഴ്സിറ്റി അംഗീകരിക്കുന്നതിന് നടപടി

142 (3703) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഏതെല്ലാം കോഴ്സുകൾ കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുണ്ട് ;

(ബി) ഇഗ്നോയുടെ എം.സി.എ. കോഴ്സ് എം.ജി. സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കോഴ്സ് കേരള യൂണിവേഴ്സിറ്റി അംഗീകരിക്കാത്തതിന്റെ കാരണമെന്ത് ;

(സി) മറ്റ് സംസ്ഥാനങ്ങളിലെ എല്ലാ യൂണിവേഴ്സിറ്റികളും അംഗീകരിച്ചിട്ടുള്ള ഈ കോഴ്സ് കേരളത്തിലെ എല്ലാ സർവ്വകലാശാലകളും അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly